15 -ാം കേരള നിയമസഭ

5 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5056 — 20-07-2022 - ൽ മറുപടിയ്ക്ക്

റവന്യൂ വകുപ്പിലെ സെർവർ തകരാർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിൽ നിന്ന് ലഭിക്കേണ്ട സേവനങ്ങൾ സെർവർ തകരാർ മൂലം യഥാസമയം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഭൂമി സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ReLIS സെർവർ സ്പീഡിന്റെ അപര്യാപ്തത മൂലം പൊതുജനങ്ങൾ വസ്തു നികുതി ഓൺലൈനായി ഒടുക്കുന്നതിൽ കാലതാമസം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. PM Kisan പദ്ധതിയുമായി ബന്ധപ്പെട്ട് കർഷകർ പി.എം. കിസാൻ പോർട്ടലിലൂടെ ReLIS മായി ബന്ധപ്പെടുന്നത് വഴി CPU Usage വളരെ കൂടുതലായതിനാൽ റെലിസിന്റെ പൊതുവായ പ്രവർത്തനങ്ങളെ ബാധിക്കുന്നതുകൊണ്ട് CPU പരിധി ഉയർത്തണമെന്നും NIC 23.05.2022 ന് അറിയിച്ചിരുന്നു. ഡാറ്റ സെന്ററുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | അടിയന്തര ആവശ്യങ്ങൾക്കായി ഭൂനികുതി അടച്ച രസീതുകൾ ഹാജരാക്കുവാൻ പ്രസ്തുത സെർവർ തകരാർ മൂലം കഴിയാത്ത സാഹചര്യത്തിൽ ആയതിന് എന്തു പരിഹാരം കാണാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | വില്ലേജാഫീസുകളുടെ പ്രവർത്തനത്തിന് ബാധിക്കാത്ത രീതിയിൽ എല്ലാ ദിവസങ്ങളിലും ഉച്ച കഴിഞ്ഞുള്ള സമയം പൊതുജനങ്ങൾക്ക് ഓൺലൈനായി കരമടക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. |
| (സി) | സെർവർ തകരാറുകൾ അടിയന്തരമായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | സർവറുകളുടെ പരിധി ഉയർത്തിയിട്ടുണ്ട്. കൂടാതെ 03.06.2022-ന് NIC, KSITM എന്നിവരുമായി യോഗം കൂടുകയും ശാശ്വതമായ പരിഹാരത്തിനായി സ്റ്റേറ്റ് ഡേറ്റാ സെന്ററിലെ പഴയ സെർവറിൽ നിന്നും പുതിയ സെർവറിലേയ്ക്ക് Migrate ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. Migration നടപടികൾ പൂർത്തിയായിട്ടുണ്ട്. തുടർന്ന്റിപ്പോർട്ട് ചെയ്യിട്ടുള്ള വിഷയങ്ങൾ ദ്രുത ഗതിയിൽ പരിഹരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ